<u>**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**</u>

**ഹാജർ : കെ. ടി. ബാലഭാസ്കരൻ**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നല്കുന്നതിലേയ്ക്ക് ടെക് ഫാം ഇൻഡ്യ എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 31.12.2014ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.10.2021 ലെ 1547/സി2/2021/എസ്.എം നമ്പർ നടപടിക്രമം

3. 13.08.2018ൽ ചേർ 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റിയുടെ 3.6-ാം നമ്പർ തീരുമാനം.

4. 29.10.2022 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

5. 21.07.2023 തീയതിയിലെ ടെക് ഫാം ഇന്ത്യ പ്രൈ. ലി. എന്ന സ്ഥാപനത്തിൽ നിന്നുള്ള ഇ മെയിൽ സന്ദേശം.

നം: 4370/C4/2023/SM — തീയതി: 29.07.2023

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു.

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

പരാമർശം (4) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാക്കളായി അംഗീകാരം ലഭിക്കുന്നതിലേക്ക് ടെക് ഫാം ഇൻഡ്യ എന്ന ഏജൻസി സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുകയും ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി.

പ്രസ്തുത കമ്മിറ്റിയിൽ നിലവിലെ സർക്കാർ അംഗീകൃത OWC മാതൃകയിലാണ് ടി ഏജൻസി മാലിന്യം സംസ്കരിക്കുന്നത് എന്നതിനാൽ ടി ഏജൻസി നടത്തിവരുന്ന മാലിന്യ സംസ്കരണ മാതൃകയ്ക്ക് പ്രത്യേകം അനുമതി ആവശ്യമില്ല എന്നും, പ്ലാന്റിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കേറ്റ് ഉണ്ടെങ്കിൽ മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ എന്നും, പ്ലാന്റിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സേവനദാതാവായി അനുമതി നൽകാവുന്നതാണെന്നും നിർദ്ദേശിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാന്റിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ച കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കേറ്റ് സൂചന (5) പ്രകാരം ലഭ്യമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, പാരിസ്ഥിതിക മലിനീകരണമില്ലാത്തവിധം

നിലവിലെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ടെക് ഫാം ഇൻഡ്യ എന്ന ഏജൻസിയെ ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ മൊബൈൽ കമ്പോസ്റ്റിംഗ് യൂണിറ്റ് വിത്ത് എക്സ്റ്റൻന്റഡ് എയ്റേറ്റഡ് വിൻഡ്രോ കമ്പോസ്റ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിലേക്കായി ബന്ധപ്പെട്ട മേഖലയിൽ എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

പ്രസ്തുത തീരുമാനത്തിന് വിധേയമായി, നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതൊരു സമയത്തും സേവനദാതാവായി അംഗീകരിക്കപ്പെടുന്ന ഏജൻസികളുടെ അംഗീകാരം ഒഴിവാക്കുന്നതിന്/ഭേദഗതി വരുത്തുന്നതിന് ശുചിത്വ മിഷന് അംഗീകാരം ഉണ്ടായിരിക്കുന്നതാണ് എന്ന നിബന്ധനക്ക് വിധേയമായി മേൽ സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള **ടെക് ഫാം ഇൻഡ്യ, ബ്രഹ്മ ഓർഗാനിക് ഫാം, പൊയ്കയിൽ, കൈതക്കുഴി, കൊല്ലം** എന്ന ഏജൻസിയെ ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ മൊബൈൽ കമ്പോസ്റ്റിംഗ് യൂണിറ്റ് വിത്ത് എക്സ്റ്റൻന്റഡ് എയ്റേറ്റഡ് വിൻഡ്രോ കമ്പോസ്റ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിലേക്കായി ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാക്കളായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി **ഈ ഉത്തരവ് തീയതി മുതൽ 31-03-2025 വരെ ആയിരിക്കും.**

| Sl. No. | Name of Agency | Area Recommended |
|---|---|---|
| 1 | TECH FARM INDIA<br>Brahma Organic Farm<br>Poikayil, Kaithakuzhi<br>Kollam – 691 011<br>Ph: 9605582928, 9605582938<br>techfarmindia474@gmail.com | OWC Mobile composting unit with extended aerated windrow composting system. |

**നിബന്ധനകൾ**

1. സേവനദാതാക്കളുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ 31-03-2025 വരെ ആയിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
4. എല്ലാ സേവനദാതാക്കളും ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 5 ടെണ്ടറുകളിലെങ്കിലും പങ്കെടുക്കേണ്ടതും, ടി രേഖകൾ എല്ലാവർഷവും ഏപ്രിൽ 30-ന് മുമ്പായി ശുചിത്വമിഷനിൽ സമർപ്പിക്കേണ്ടതുമാണ്.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം താങ്കൾക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.

6. പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
8. കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ യൂണിറ്റ് നിരക്ക്, സ്റ്റാൻന്റേർഡ്സ് & സ്പെസിഫിക്കേഷൻ, പ്രവൃത്തി പരിപാലന പ്രോട്ടോകോൾ, വാറന്റി നിബന്ധനകൾ എന്നിവ നിർബന്ധമായും എല്ലാ സേവനദാതാക്കളും പാലിക്കേണ്ടതാണ്.
9. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
10. കുറഞ്ഞത് 3 വർഷം, മൂന്നു മാസത്തിൽ ഒരിക്കലും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും താങ്കൾ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ/ പ്ലാന്റുകൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഗുണഭോക്താവിന്/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.
11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി കമ്മ്യൂണിറ്റി/ സ്ഥാപനതല ഉപാധികൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്ന പക്ഷം നിർബന്ധമായും ടി പ്ലാന്റിന്റെ തുടർ പ്രവൃത്തി പരിപാലനം (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) നടത്തേണ്ടതാണ്.
12. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി, വാറണ്ടി പിരീയഡ്, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും (മാതൃക ഉള്ളടക്കം ചെയ്യുന്നു), ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
13. Mobile Unit പ്രവർത്തിക്കുന്ന സമയം നിരത്തിലോ പൊതു വഴിയിലോ ആയതിൽ നിന്നും ലീച്ചേറ്റ്/ മറ്റ് മാലിന്യം പുറത്തേയ്ക്ക് വീണ് പരിസര മലിനീകരണം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
14. പ്ലാന്റിന്റെയും, മൊബൈൽ യൂണിറ്റിന്റെയും പരിസരത്ത് ഈച്ച, കൊതുക് എന്നിവ മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
15. മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും അല്ലാത്തപക്ഷം, താങ്കളുടെ സേവന ദാതാവായുള്ള അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
16. മേൽ പറഞ്ഞ നിബന്ധകൾക്ക് ഉപരിയായി സേവനദാതാക്കൾ സമർപ്പിച്ച മാലിന്യ സംസ്കരണ ഉപാധി/സേവനം തൃപ്തികരമല്ലാത്തപക്ഷം ടി താങ്കളുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
17. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ പങ്കെടുത്ത് സഹകരണം ഉറപ്പാക്കേണ്ടതാണ്.
18. നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതൊരു സമയത്തും സേവനദാതാവായി അംഗീകരിക്കപ്പെടുന്ന ഏജൻസികളുടെ അംഗീകാരം ഒഴിവാക്കുന്നതിന്/ ഭേദഗതി വരുത്തുന്നതിന് ശുചിത്വ മിഷന് അംഗീകാരം ഉണ്ടായിരിക്കുന്നതാണ്
19. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ

കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദു ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

Sd/-

കെ ടി ബാലഭാസ്കരൻ *

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ടെക് ഫാം ഇൻഡ്യ,

ബ്രഹ്മ ഓർഗാനിക് ഫാം, പൊയ്കയിൽ, കൈതക്കുഴി, കൊല്ലം

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2.ഡയറക്ടർ LSGD(Urban)(അറിവിലേയ്ക്ക്)
3.ഡയറക്ടർ LSGD(Rural)(അറിവിലേയ്ക്ക്)
4. ഗ്രാവികസന കമ്മീഷണർ (അറിവിലേയ്ക്ക്)
5. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
7. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
8. ബന്ധപ്പെട്ട എല്ലാ സേവന ദാതാകൾക്കും
9. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
10. എസ്.ഐ.ആർ.ഡി, കൊട്ടരക്കര
11. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

| Periodic Service Log | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Sl No | Description of work | Name & Contact Details of the client | Capacity of the plant/ device supplied | Installation date | Warranty Provided | Date of Periodic Assessment | | | | | | | | | | |
| | | | | | | Year 1 | | | | Year 2 | | | | Year 3 | Year 4 | Year 5 |
| | | | | | | 1 st Service | 2 nd Service | 3 rd Service | 4th Service | 1 st Service | 2 nd Service | 3 rd Service | 4th Service | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |